# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2719** **06-11-2019-ൽ മറുപടിക്ക്**

## വനം വകുപ്പിലെ എൻ.എം.ആർ. വാച്ചർമാരെ സ്ഥിരപ്പെടുത്തൽ

| ചോദ്യം<br>ശ്രീ. എം. വിൻസെന്റ് | ഉത്തരം<br>അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
|---|---|
| (എ) കാറ്റഗറി നമ്പർ 354/2016 പ്രകാരം വനം വകുപ്പിലെ റിസർവ്വ് വാച്ചർ, ഡിപ്പോ വാച്ചർ, ബംഗ്ലാവ് വാച്ചർ തസ്തികകളിലേക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നശേഷം എൻ.എം.ആർ. വാച്ചർമാരെ സ്ഥിരപ്പെടുത്തിയത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള കാരണം വിശദീകരിക്കാമോ ; | (എ) വനം വകുപ്പിൽ 01/09/2013-ൽ 20 വർഷം തുടർച്ചയായി ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവന്നിരുന്നതും 56 വയസ്സ് പൂർത്തിയാക്കാത്തതുമായ ജീവനക്കാരെ മുൻ സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വകുപ്പിൽ വാച്ചർ തസ്തികയിൽ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിക്കൊണ്ട് 2015-ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി ലിസ്റ്റിൽ ഉൾപ്പെടാൻ അർഹതയുണ്ടായിരുന്നിട്ടും ചില സാങ്കേതിക കാരണങ്ങളാൽ ഉൾപ്പെടാതെപോയ ജീവനക്കാരെയാണ് 2016-നു ശേഷം വാച്ചർ തസ്തികയിൽ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിയിട്ടുള്ളത്. |
| (ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും എത്ര പേർക്ക് ഇതുവരെ നിയമനം നൽകി; ഇനി എത്രപേർക്ക് കൂടി നിയമനം നൽകാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ ? | (ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും 86 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. മേൽ തസ്തികയിൽ ഒൻപത് ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ഒരു പ്രതീക്ഷിത ഒഴിവ് കൂടി നിലവിൽ വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ